(സി) എല്ലാ ജയിലുകളിലും ഉദ്യോഗസ്ഥർ ഓരോ ദിവസവും ഡ്യൂട്ടിയിൽ പ്രവേശിക്കുന്നതിനു മുമ്പായി തങ്ങളുടെ പക്കലുള്ള പണത്തിന്റെ കണക്ക് കൃത്യമായി അതാത് സ്ഥാപനങ്ങളിലെ "പേഴ്സണൽ ക്യാഷ് രജിസ്റ്ററിൽ" രേഖപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യം പൂർണ്ണമായി പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നുമുണ്ട്.

ജീവപര്യന്തം തടവുകാരുടെ മോചനം

58 [821] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 8 വർഷം തടവ് പൂർത്തിയാക്കിയ ജീവപര്യന്തം തടവുകാരെ വിട്ടയയ്ക്കുന്നതിൽ ജസ്റ്റീസ് ഹരിഹരൻ നായർ അദ്ധ്യക്ഷനായുള്ള ജയിൽ റിവ്യൂ കമ്മിറ്റി ശുപാർശ ചെയ്തവരെ മോചിപ്പിക്കുന്നതിനുള്ള ഉത്തരവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ജീവപര്യന്തം തടവുകാരെ വിട്ടയയ്ക്കുന്നതിന് ജയിൽ റിവ്യൂ കമ്മിറ്റി സ്വീകരിച്ച മാനദണ്ഡമെന്തായിരുന്നു.

(സി) ശിക്ഷ ഇളവുചെയ്ത് തടവുകാരെ വിട്ടയയ്ക്കുന്നതിന് കാലവിളംബം ഉണ്ടാകാൻ എന്താണ് കാരണമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ജയിൽ റിവ്യൂ കമ്മിറ്റിയുടെ ശുപാർശകൾ സർക്കാർ വിശദമായി പരിശോധിച്ചു വരുന്നു.

(ബി) യഥാർത്ഥ ശിക്ഷ എട്ടു വർഷം പൂർത്തിയാക്കിയ ജീവപര്യന്തം തടവുകാരെ അവരുടെ കുറ്റകൃത്യത്തിന്റെ സ്വഭാവം, വിട്ടയച്ചാൽ സമൂഹത്തിൽ ഉണ്ടായേക്കാവുന്ന പ്രതികരണം, ജയിലിലെ സ്വഭാവം, പോലീസ്/പ്രൊബേഷൻ ഓഫീസർമാരുടെ റിപ്പോർട്ട് എന്നിവ പരിശോധിച്ച് വിടുതൽ ചെയ്താൽ സമൂഹത്തിൽ ഉത്തമ പൗരൻമാരായി ജീവിക്കുമെന്ന് കമ്മിറ്റിക്ക് ബോദ്ധ്യമാകുന്നവരെയാണ് വിടുതലിനായി കമ്മിറ്റി ശുപാർശ ചെയ്യുന്നത്. വാടകക്കൊലയാളികൾ, കൊലപാതകം തൊഴിലാക്കിയിട്ടുള്ളവർ, ജാതിയുടേയോ, മതത്തിന്റേയോ വർഗ്ഗത്തിന്റേയോ പേരിൽ കൊലപാതകം നടത്തിയിട്ടുള്ളവർ, ദേശസുരക്ഷയ്ക്ക് എതിരായ കുറ്റം ചെയ്തവർ, കള്ളക്കടത്തുമായി ബന്ധപ്പെട്ട കൊല നടത്തിയവർ, ജയിൽ ഉദ്യോഗസ്ഥൻ, ജയിൽ സന്ദർശകർ, ഔദ്യോഗിക കൃത്യത്തിൽ ഏർപ്പെട്ടിരിക്കുന്ന സർക്കാർ ഉദ്യോഗസ്ഥർ എന്നിവരെ കൊലപ്പെടുത്തിയവർ, ഭരണഘടനാ സ്ഥാപനം മനഃപൂർവ്വം ലംഘിച്ചിട്ടുള്ളവർ, ലൈംഗിക പീഡനാത്തുടർന്നും കൂട്ടബലാത്സംഗത്തിനും ശേഷവും സ്ത്രീകളേയും കുട്ടികളേയും കൊലപ്പെടുത്തിയവർ, മയക്കുമരുന്ന് നിരോധന നിയമപ്രകാരം ശിക്ഷിക്കപ്പെട്ടവർ എന്നീ വിഭാഗങ്ങളിലുള്ള ജീവപര്യന്തം തടവുകാരുടെ കേസുകൾ ഒഴിവാക്കി മറ്റുള്ളവയാണ് കമ്മിറ്റി പരിഗണിച്ചിട്ടുള്ളത്.

(സി) പ്രൊസൺ റിവ്യൂ കമ്മിറ്റി സമർപ്പിച്ച ശുപാർശകൾ നിലവിലുള്ള മാനദണ്ഡങ്ങളുടേയും നിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിൽ സർക്കാർ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly